# സാന്തോം മെസഞ്ചർ

## SANTHOME MESSENGER

St. Thomas Forane Church - Parish Bulletin

Vol. 43 | Issue 06 | July 2017




# CHRIST NAGAR

## VILLAS & PLOTS

ARATT
Changing the way you live

NEAR TO APC CIRCLE, JIGANI CLOSE TO ELECTRONIC CITY

## THE FUTURE












+91 996 4046 743 +91 994 5502 000 +91 740 6273 300 CHRISTNAGAR@ARATT.IN

LIMITED PERIOD OFFER OF **Rs. 1350/** SQFT ONLY IN ARATT ATLANTIS BREEZE

ROW HOUSES : 33 LAKHS ONWARDS*
VILLAS : 45 LAKHS ONWARDS*

BMRDA APPROVED

# സാന്തോം മെസഞ്ചർ

St. Thomas Forane Church - Parish Bulletin
Dharmaram College, Bangalore - 560029

**SANTHOME MESSENGER**
Vol: 43 / Issue: 6 / July 2017

## EDITORIAL BOARD

**Printed & Published by**

**Rev. Fr. Cyriac Madathil CMI**
Vicar, St. Thomas Forane Church
Mob : 9605963021

**Chief Editor**

**Fr. Justin Manninezhath CMI**
Asst. Vicar
Mob : 9916190495
E-mail : justinmanninezhathcmi@gmail.com

**Associate Editor**

**Fr. Benny Tharakunnel CMI**
Asst. Vicar
Mob : 9480732249
E-mail : bennytharakunnel@gmail.com

**Editorial Board**

Dr. Bino Kalarikkal
Mrs. Sweetha Mary Rejy

**Layout Design & Printing**

**Matha Printers**
Tel : 2684 5565, 9886809060
E-mail : mathaprints@gmail.com




**www.stthomasforanechurch.org**
**stthomasforanechurch@gmail.com**

## അകത്താളം

Shepherd's Message 2
Musings From the Editor 3
ട്രസ്റ്റിമാർ സംസാരിക്കുന്നു... 4
Christ Nagar Project, ഒരു സ്വപ്നസാക്ഷാത്ക്കാരം 5
Making our Faith Fruitful in Works of Charity 7
ഇടവകയിലെ സന്യാസ സമൂഹങ്ങൾ 8
Faith 9
Faith: Feed it, Exercise it!!! 11
Meeting with National Minority Commission Vice Chairman 13
Catechism Corner 16
മാസ വിചിന്തനം വാർഡുകളിൽ 17
ഇടവക വാർത്തകൾ 18
എഫാത്ത ബൈബിൾ ക്വിസ്സ് 21




സാന്തോം മെസഞ്ചറിനെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, സാഹിത്യ സൃഷ്ടികളും 2017 ആഗസ്റ്റ് 06 - ന് മുമ്പായി പാരീഷ് ഓഫിസിൽ ഏൽപ്പിക്കുക.

Email : stthomasforanechurch@gmail.com
Mob. : 9916190495, 4111 6391



# *Shepherd's Message*

The current *"Sleehakalam"* of our Liturgical calendar invites all of us to live in the world but not of the world as the disciples understood it very well after receiving the Holy Spirit. We live our lives not for the things of this world that wither, rust and decay but those things that do not perish those treasures worth more than silver or gold.

Our baptism brings us into a very intimate relationship with God and makes us a brother or a sister to all of 'God's Children'. The feast of Dukharana (July 3) and the feast of our Lady of Mount Carmel (July 16) should inspire us a lot to realize that our call is to live like the children of God.

May I remind all the catechism teachers, ward councillors, association leaders and the trustees that our ministry is to strengthen the Baptismal graces through effective participation in Holy Eucharist, Sacraments and other parish activities.

I know of no better way to stay focussed on the really important thing in life than to make our Eucharistic celebration especially on Sundays. Looking forward to see you personally during the house blessing days.

**Fr. Cyriac Madathil CMI**

Forane Vicar

## FAMILY ON FIRE



തിരിച്ചറിവുണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയക്കണം. ഇതുംപോരാ, അവർ പഠിക്കുന്നുണ്ടോ എന്നും അവർ എങ്ങനെയുള്ള കൂട്ടുകൂടി നടക്കുന്നു എന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം.

കുട്ടികളെ സംബന്ധക്കാരുടെ വീടുകളിൽ താമസിപ്പിക്കരുത്. എന്തെന്നാൽ പലപ്പോഴും അവർ മാലാഖമാരായി പോകുകയും പിശാചുക്കളായി തിരിച്ചുവരികയും ചെയ്യുന്നു.

**വി. ചാവറ പിതാവ്**

# Musings from the Editor



Dearly beloved in Christ Jesus,

Christian life is a life with Jesus Christ, a life to spend together with Him. In July we celebrate 'Dukhrana', the feast of St. Thomas. In the Bible, when Jesus decided to go to Bethany to raise Lazarus, Thomas said to his fellow disciples: "Let us also go, that we may die with him."

He was determined to follow his Master. This is a valuable lesson for all of us. St. Thomas was absolutely ready to stand by Jesus, ready to share even the trial of death. The important thing to remember here is never to go far from Jesus. At times we might face problems, and difficulties. Even when everything is not alright, we should hold onto Jesus, and firmly decide to stand with Him.

Another thing that St. Thomas teaches us is seen at the Last Supper. On that occasion, Jesus announced that he was going to prepare a place for his disciples so that they could be where he is ; and he explains to them: "Where I am going you know the way." Then Thomas asks, "Lord, we do not know where you are going; how can we know the way?"

This question shows us that we, too, can ask Jesus to explain things to us. When we do not understand, let us be brave enough to say: "I do not understand you, Lord; listen to me, help me to understand". This is the true way of praying, of speaking to Jesus.

Tell Him how you feel, because He WILL give you an answer!

May God bless you and strengthen your faith daily.

St. Thomas, pray for us!

**Fr. Justin Manninezhath CMI**
Asst. Vicar


## CALLED, COURAGEOUS, COMMITTED

***If you are listening and want to answer the call of God to Priesthood and consecrated life please contact:***

**Rector** 9497233140
**Vice Rector** 8296785090

**DIOCESE OF MANDYA**

# ട്രസ്റ്റിമാർ സംസാരിക്കുന്നു...








''വിശ്വാസം പരീക്ഷിക്കപ്പെടുമ്പോൾ നിങ്ങൾക്ക് അതിൽ സ്ഥിരത ലഭിക്കുമെന്ന് അറിയാമല്ലോ. ഈ സ്ഥിരത പൂർണ്ണഫലം പുറപ്പെടുവിക്കുകയും അങ്ങനെ നിങ്ങൾ പൂർണ്ണരും എല്ലാം തികഞ്ഞവരും, ഒന്നിലും കുറവില്ലാത്തവരും ആവുകയും ചെയ്യും'' (യാക്കോബ് 1:2-5).

ഞാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ ലഭിച്ചു കഴിഞ്ഞിട്ട് ദൈവത്തിൽ വിശ്വസിക്കാം എന്നു വിചാരിക്കുന്നതിലും നല്ലത്, ഞാൻ പ്രാർത്ഥിക്കുന്ന കാര്യങ്ങൾ ദൈവം നടത്തിത്തരും എന്ന വിശ്വാസമാണ് നാമെല്ലാം ആർജിക്കേണ്ടത്. ക്രിസ്ത്യാനികളുടെ എണ്ണത്തിലുള്ള പെരുപ്പമല്ല, മറിച്ച് വിശ്വാസത്തിൽ വളരുന്നവരുടെ പെരുപ്പമാണ് ദൈവം ആഗ്രഹിക്കുന്നത്.

വിശ്വാസത്തിന്റെ മകുടോദാഹരണമായ സിസ്റ്റർ ഫൗസ്റ്റീന, ആരാധനയ്ക്കിരിക്കുവാനുള്ള തീവ്രമായ ആഗ്രഹത്തോടെയാണ് മഠത്തിൽ ചേർന്നത്, എന്നാൽ അവിടെ അവൾക്ക് ലഭിച്ചത് മഠത്തിലെ അടുക്കള ജോലിയായിരുന്നു. ഏൽപ്പിച്ച ദൗത്യം വിശ്വസ്തതയോടെ നിർവ്വഹിച്ച ഫൗസ്റ്റീനയുടെ കൈകളിലാണ് പിന്നീട് പോളണ്ടിന്റെ രക്ഷയ്ക്കുവേണ്ടി നിലവിളിച്ചു പ്രാർത്ഥിക്കുവാൻ കരുണയുടെ ജപമാല ദൈവം ഏൽപ്പിച്ചത്.

വിശ്വാസപൂർണ്ണമായ ക്രിസ്തീയ ജീവിതം നയിക്കുവാനുള്ള കൃപയ്ക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം

സ്നേഹപൂർവ്വം,
**ട്രസ്റ്റിമാർ**



# Pope Francis and the Youth

Holy Father Pope Francis has dedicated the 15th Ordinary General Assembly of Synod of Bishops to be focused on the theme of "Youth, Faith and Vocational Discernment.

The Synod will be held in October 2018. Its aim is to accompany the young on their existential journey to maturity so that, through a process of discernment, they discover their plan for life and realize it with joy opening up to the encounter with God and with human beings.



# CHRIST NAGAR PROJECT

## ഒരു സ്വപ്നസാക്ഷാത്ക്കാരം



**ബെന്നി സെബാസ്റ്റ്യൻ**
ട്രസ്റ്റി

നമ്മുടെ അഭിവന്ദ്യ പിതാവ് മാർ ആന്റണി കരിയിൽ, ബാംഗ്ളൂരിൽ മണ്ഡ്യ രൂപതയ്ക്കുവേണ്ടി ഒരു പുതിയ സീറോ മലബാർ ക്രിസ്ത്യൻ കമ്മ്യൂണിറ്റി ഡെവെലപ്പ് ചെയ്യുവാനുള്ള തന്റെ ആഗ്രഹം സെന്റ് മേരീസ് പാരീഷ് മുൻ വികാരിയായിരുന്ന തോമസ് കല്ലുകളം അച്ചനെയും അസ്സി. വികാരിമാരായ ജെസ്റ്റിൻ മണ്ണിനേഴത്ത് അച്ചനെയും, ബെന്നി തറക്കുന്നേൽ അച്ചനെയും, ട്രസ്റ്റിമാരെയും അറിയിച്ചു. ദൈവകൃപയാൽ ആനക്കൽ-ജിഗണി റോഡിൽ ആറര ഏക്കർ സ്ഥലം സെന്റ് തോമസ് പാരീഷ് ട്രസ്റ്റിന്റെ പേരിൽ വാങ്ങുവാൻ സാധിച്ചു. ഇതിന്റെ നിയമ വശങ്ങൾ പഠിക്കുന്നതിനായി നമ്മുടെ ഇടവകയിൽ നിന്നും അഡ്വക്കേറ്റുമാരായ, പി. പി. പോൾ, അഡ്വ. ജോർജ്ജ്, പി. ജെ. ലാസർ, ബേബി ജോർജ്ജ് എന്നിവരെ ഉൾപ്പെടുത്തി ഒരു ലീഗൽ ടീം രൂപീകരിച്ചു.

ഈ അദ്ധ്യയന വർഷം തന്നെ വാങ്ങിയ സ്ഥലത്ത് ഒരു സ്കൂൾ തുടങ്ങുവാനും അതിന് ക്രൈസ്റ്റ് നഗർ പബ്ളിക് സ്കൂൾ എന്ന് നാമകരണം ചെയ്യുവാനും തീരുമാനിച്ചു.






ജൂൺ 4, 2017 ഞായറാഴ്ച സ്കൂളിന്റെ വെഞ്ചിരിപ്പു കർമ്മവും ഉദ്ഘാടനവും മണ്ഡ്യ രൂപതാദ്ധ്യക്ഷൻ മാർ ആന്റണി കരിയിൽ നിർവ്വഹിച്ചു. ചടങ്ങിൽ കർണ്ണാടക ട്രാൻസ്പോർട്ട് മിനിസ്റ്റർ ശ്രീ. രാമലിംഗ റെഡ്ഢി മുഖ്യാതിഥിയായിരുന്നു. ഏകദേശം 45 ലധികം കുട്ടികളുമായി സ്കൂളിന്റെ പ്രവർത്തനം സമാരംഭിച്ചു.

ഇവിടെ ഒരു ക്രിസ്ത്യൻ സമൂഹം വളർത്തുന്നതിന്റെ ഭാഗമായി സ്കൂളിനോട് ചേർന്ന് ആറാട്ട് ഗ്രൂപ്പുമായി സഹകരിച്ച് ഒരു Site project ഉം ആരംഭിക്കുകയുണ്ടായി. 275 ലധികം ക്രിസ്തീയ കുടുംബങ്ങൾ ഇവിടെ സ്ഥലം വാങ്ങിക്കുകയുണ്ടായി. ഭാവിയിൽ മണ്ഡ്യ രൂപതയുടെ ഏറ്റവും നല്ല ഒരു ഇടവക സമൂഹം അവിടെ രൂപം കൊള്ളുകയും ചെയ്യുമെന്നകാര്യത്തിൽ ആർക്കും ഒരു സംശയവുമില്ല. സമീപ ഭാവിയിൽ തന്നെ ഒരു Mass Centre Christ Nagar Public School ൽ ആരംഭിക്കുന്ന വിവരം, അഭിവന്ദ്യ കരിയിൽ പിതാവ് ഉറപ്പു നൽകിയിട്ടുണ്ട്. ഇതോടോപ്പം ഒരു ദേവാലയവും കൃപാലയയുടെ വിപുലീകരണവും  പ്ലാൻ ചെയ്തിട്ടുണ്ട്. ഈ സ്വപ്ന പദ്ധതി യാഥാർത്ഥ്യമാക്കുവാൻ വിലപ്പെട്ട സംഭാവനകൾ നൽകിയ മുൻ വികാരിയായ തോമസ് കല്ലുകളം അച്ചനെയും, ചാൻസലർ ജോമോൻ  അച്ചനേയും, അസ്സി. വികാരിമാരായ ജെസ്റ്റിൻ അച്ചനെയും, ബെന്നി അച്ചനെയും നന്ദിയോടെ സ്മരിക്കുന്നു. അതോടൊപ്പം തന്നെ ട്രസ്റ്റിമാരായ പ്രൊഫ. ജെയിൻ മാത്യു, ചാർലി മാത്യു, ബേബി ജോസഫ്, ഐസക്ക് കെ. അബ്രഹാം, തോമസ് കെ. എസ്., ബെന്നി സെബാസ്റ്റ്യൻ എന്നിവരുടെ പ്രവർത്തനം വളരെ ശ്ലാഘനീയമാണ്.

ഇപ്പോഴത്തെ സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുകയും അതിന്റെ ഭാവി പരിപാടികൾ ഭംഗിയായി ആസൂത്രണം ചെയ്യുകയും ചെയ്യുന്ന നമ്മുടെ പുതിയ വികാരിയായ ബഹുമാനപ്പെട്ട സിറിയക്ക് മഠത്തിൽ അച്ചന് എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## SAINT CHAVARA ASSOCIATION (SCA)
## (SyroMalabar  Young Couples Apostolate)

The first meeting for the year 2017 was held on 2nd July 2017 after 9. a.m mass in which around 50 members took part. The meeting began with a prayer song and was convened by the President. The accounts for the year 2016 -17 was presented by the Treasurer and was approved by the members. The election for the office members was held and the following members was elected.

**President:** John Saju, **Vice President:** Jorly Jaison, **Secretary:** Benjamin Raphael, **Cultural Secretary:** George, **Treasurer:** Tomichan

The planner for the year was discussed and will be finalized after consultation with the Director. It was decided to hold the first prayer meeting  at the house of Mr Sebastian Francis on 9th July 2017  at 6.30 P M.



**John Saju**
President



**Jorly Jaison**
Vice President



**Benjamin Raphael**
Secretary



**George**
Cultural  Secretary



**Tomichan**
Treasurer

### PRAYER MEETING

Prayer Meeting SCA was held in the Residence of Mr. Sebastian Francis on 9th July 2017. All the family members attended the meeting. The meeting started with the Rosary and ended with Dinner. The Brother incharge Rev Br. Jeethu made his presence felt.



Fr. Benny Tharakkunnel CMI

# Making our Faith Fruitful in Works of Charity

Catechism of the Catholic Church very clearly teaches us about the personal and communitarian dimensions of faith. Though faith is primarily a personal act, it cannot be individualistic for one receives the faith and grows in faith in the context of the Christian community—the Church which is a community of faith. Just as we have not given ourselves life we have not given ourselves faith. Making the point clearer Catechism of the Catholic Church affirms that the believer has received faith from others and should hand it on to others. We grow in faith supported by the faith of others and our faith helps many others to sustain and nourish their faith. It is quite obvious to all of us that it is the Church that believes first, and so bears, nourishes and sustains my faith. It is through the Church that we receive faith and new life in Christ by Baptism. Hence the Church is the mother of our new birth, and our teacher in faith. As a mother who teaches her children to speak and so to understand and communicate, the Church our Mother teaches us the language of faith in order to introduce us to the understanding and the life of faith (cf. articles 166-175). That is why St. Cyprian emphatically stated that "No one can have God as Father who does not have the Church as Mother".

Canon 10 of the Code of Canons of the Eastern Churches (CCEO) gives us clear practical instructions regarding the life of faith which a Christian faithful is bound to lead. First of all he/she must be attached to the Word of God and must adhere to the authentic, living magisterium of the Church. Secondly he/she is bound to maintain integrally the faith which was preserved and transmitted at a great price by many. This would imply that a Christian must know what catholic faith is and must practice it as a dutiful and proud child of the Church. Thirdly a Christian faithful has the obligation to profess his/her faith openly. Fourthly he/she is obliged to strive both to understand better the faith he/she has received and to make it fruitful in works of charity.

Hence it stands to reason that our life of faith which is both personal and communitarian is intrinsically connected with the word of God

## ഇടവകയിലെ സന്യാസ സമൂഹങ്ങൾ

# അഗതികളുടെ സഹോദരിമാർ

## (സിസ്റ്റേഴ്സ് ഓഫ് ദ ഡസ്റ്റിറ്റ്യൂട്ട്) എസ്.ഡി. സിസ്റ്റേഴ്സ്, മഡിവാള

സന്യാസ സമൂഹത്തിന്റെ പേരിനാൽതന്നെ വ്യക്തമാക്കപ്പെടുന്നതുപോലെ അഗതികളും നിരാലംബരുമായ സഹോദരങ്ങൾക്ക് ഈശോയുടെ കരുണാർദ്ര സ്നേഹം പകർന്നു നൽകുന്നതിനായി വിളിയ്ക്കപ്പെട്ടിരിക്കുന്ന സഹോദരിമാരുടെ സമൂഹമാണ് അഗതികളുടെ സഹോദരിമാർ അഥവാ സിസ്റ്റേഴ്സ് ഓഫ് ദ ഡസ്റ്റിറ്റ്യൂട്ട്.

കരുണയിൽ സമ്പന്നനായ ക്രിസ്തുനാഥന്റെ ദിവ്യചൈതന്യത്താൽ ആകൃഷ്ടനായ ദൈവദാസൻ പയ്യപ്പിള്ളി വർഗ്ഗീസ് അച്ചനാണ് എസ്.ഡി. സമൂഹത്തിന്റെ സ്ഥാപകൻ. ആലുവയിൽ, ചുണങ്ങംവേലി സെന്റ് ജോസഫ്സ് മൗണ്ടിൽ അഗതികളുടെ സഹോദരിമാരുടെ സന്യാസ സമൂഹം സ്ഥാപിച്ചു.

അഗതിയുടെ സഹോദരി എല്ലാവർക്കും വിശിഷ്യ ദരിദ്രർക്കും അഗതികൾക്കും അമ്മയും സഹോദരിയും സ്നേഹിതയും ആകുവാൻ കടപ്പെട്ടിരിക്കുന്നു. പ്രാർത്ഥനയും ശുശ്രൂഷയും വഴി ജാതിമതഭേദമന്യേ ജനങ്ങളുടെ ഇടയിൽ ഡസ്റ്റിറ്റ്യൂട്ട് ഹോം ഫോർ എൽഡേഴ്സ്, (ക്യാൻസർ, എയിഡ്സ്....) ഡേ കെയർ സെന്റേഴ്സ്, ഭിന്നശേഷിക്കാർക്കും മാനസിക രോഗികൾക്കും വേണ്ടിയുള്ള ഭവനങ്ങൾ, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ, സാമൂഹിക തിന്മകളെ ഉന്മൂലനം ചെയ്യാൻ സാമൂഹിക പ്രവർത്തനങ്ങൾ, ആതുര ശുശ്രൂഷ, വിദ്യാദാന ശുശ്രൂഷ, കുടുംബ സമുദ്ധാരണ പ്രവർത്തനങ്ങൾ, ഇടവക പ്രവർത്തനങ്ങൾ, തടവറ പ്രേഷിതത്വം, ചേരി സമുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ കരുണാർദ്രനായ ഈശോയ്ക്ക് സാക്ഷ്യം വഹിക്കുന്നു. ഇന്ന് 1424 സഹോദരിമാർ ആറു പ്രൊവിൻസുകളിലും ഒരു റീജിയനിലുമായി ഇന്ത്യ ഉൾപ്പെടെ പത്തു രാജ്യങ്ങളിൽ ഈ ശുശ്രൂഷകൾ നിർവ്വഹിക്കുന്നു.



**Sr. Laiza S.D.**

ബാംഗ്ലൂരിൽ ഹെബഗോഡി, ഹൊസൂർ, കൊത്തന്നൂർ, ഹൊങ്ങസാന്ദ്ര, മഡിവാള എന്നിവിടങ്ങളിൽ ഓരോ ഭവനങ്ങൾ ഉണ്ട്. ഹൊങ്ങസാന്ദ്രയിലേത് തികച്ചും അഗതികളായ വയോധികമാരെ ശുശ്രൂഷിക്കുന്നതിനുള്ള ഭവനമാണ്. ഒപ്പം സാദ്ധ്യമായ മറ്റു ശുശ്രൂഷകൾ സിസ്റ്റേഴ്സ് നിർവ്വഹിക്കുന്നു. നമ്മുടെ കൃപാലയിൽ കഴിഞ്ഞ പത്തുവർഷം ശുശ്രൂഷ ചെയ്തിരുന്നത് എസ്.ഡി സിസ്റ്റേഴ്സ് ആയിരുന്നല്ലോ.

കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞ് ദിശാബോധത്തോടെ മുന്നോട്ടു നീങ്ങുവാൻ പരി. ആത്മാവ് എന്നും ഈ സന്യാസസമൂഹത്തെ നയിച്ചുകൊണ്ടിരിക്കുന്നു ■

and the teachings of the Church and this faith needs to be preserved, protected and nourished by being united with the Church. A Christian faithful can in no way proclaim or practice his faith contrary to the official teachings of the Church. Hence it is always important for one to remain loyal not only to the word of God but also to the Catholic Church.

Here comes the importance of one's life of faith in one's own family and in the parish community where he/she is a member. One cannot claim to be a good Catholic without being actively involved in the life of faith in his/her parish. Naturally, a parish is an integral part of a diocese, a particular Church sui iuris and the Universal Church. It is true that retreats at various retreat centres and pilgrimages to various pilgrim centres help one to grow more and more in our faith life, but that must in no way hinder one catholic from practicing his/her faith as an active member of his/her parish. Many Christian families form one parish, many parishes one diocese and many dioceses the universal Catholic Church. As proud children of the Church, let us make our faith more and fruitful through works of charity. Thus as our Lord says, seeing our good deeds let people glorify our Father in heaven (Mt, 5:16). ■



# FAITH

I go to bed every day with the faith that I will wake up the next day. I leave my home with the faith that I will be back sometime or the other. The very reason I go out is because I have faith that the sky won't fall on me. We all live our lives based on what we believe, based on our faith.

So now what is this faith? If you google the word(because that's what kids do these days) it says that faith is complete trust or confidence in someone or something. So who is this that we trust? As a child I was asked not to trust any stranger. I was also asked to trust in God. Now is God a stranger? Most of us haven't seen Him or heard Him. And I think that's where Catechism plays an important part. It introduces us to God, to what he has done, to what he will do, and above all why he did so.

If you ask me where my faith formation started, it definitely started in my family. One of my earliest memories is of the family prayer we had every evening. Then going to church every Sunday and then going for Catechism… that's where I understood the meaning of all those prayers I say every day. It was so much easier living life knowing that God is watching over me, that he is protecting me. As I grew older there were moments where I didn't get what I wanted or I felt that my prayers weren't answered. A little bit of doubt squirmed into my mind. I started going after rational reasons for everything. What really helped me during this time were testimonies. I have attended quite a lot of retreats in my life and what I look forward to most were testimonies. There was something



Reshma

inspiring in knowing about God's work creating something magical in other people's lives. It used to make me think about how grateful I should be. And how God showers blessings on each and every one of us no matter how arrogant or conceited we are.

The greatest challenge I have faced that tested my faith was when my father met with an accident. It happened about half a year ago and everything is already back to normal in my family. He had a head injury and had to undergo surgery. It was a week of mayhem and havoc. I didn't know what to think or do. I couldn't sleep or eat properly. Anxiety made me robotic, life wasn't sane anymore. My mother and relatives had strong faith in God. It influenced me too. And my days started going back to normal. My father recovered swiftly.

Another incident that took place was during my final examinations this year. I fell ill right in between my examinations. I couldn't read, I couldn't write. All I did was sleep. My mother was really confident that I would do well. She kept on saying that God's grace is with me. And most importantly I believed it. I have complete faith that it's because of God that I not only ended up passing in everything but I also got distinction. So thanks be to God.

From what little experience I have I can tell that just participating in Christian activities will give you a boost in faith. It gives you different perspectives, it makes you adapt to situations, and it makes you stronger. Faith is also something that cannot be forced on you. It should be inspired. It should come from within. I see God's work all around me when I look for it. Maybe that's what people should do. Take a leap of faith and look around for God's miracles. I am sure they would be surprised by seeing it all around them. As my mother always says "It's not on your merit but by His grace." I believe that element of luck that we all talk about is this grace of God. Most of us presume that faith is the belief that God will do what we want. But it's the belief that God will do what is right. It is important for us to realize what all God has done for us and be ready for what he wants us to do. We need to surrender ourselves to him. We need to have faith. Faith can do wonders

**സാന്തോം മെസഞ്ചർ ഒരുക്കുന്ന**

## ലേഖനമത്സരവും കവർപേജ് ഡിസൈൻ മത്സരവും

### വിഷയം: ''സ്വാതന്ത്ര്യവും മാതാവിന്റെ സ്വർഗ്ഗരോപണവും''

(രണ്ട് A4 പേജിൽ കവിയരുത്)

കവർ പേജ് മത്സരം: മൾട്ടികളർ, 24 cm (height) x 18 cm (width)

നിങ്ങളുടെ സൃഷ്ടികൾ 2017

ആഗസ്റ്റ് 6 ന് മുമ്പ് പാരീഷ് ഓഫീൽ എത്തിക്കുക.

**തിരഞ്ഞെടുക്കപ്പെടുന്ന ലേഖനങ്ങൾ സാന്തോം മെസഞ്ചർ മെയ് എഡിഷനിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. കൂടാതെ വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങളും!!!**



# Faith: Feed it, Exercise it!!!

When the children are healthy, money is plenty, and everyone is happy, it's easy to believe in God. But when things start changing, when trials and anxieties surround, the first thing we give up is our faith. We want instant relief….and we look for it everywhere, except in the presence of the Lord. I guess it is because we think that we have to be good and perfect before we go to God. But the Good News is that, No!….we don't have to be perfect for God to act in our lives. His power is not dependent on our goodness. He is Almighty and all-powerful because He is God….He can act in our lives at any time, irrespective of our state and condition - this is HIS grace.

Something that we often forget is that God has given the same amount of faith to everyone to start with.

EPHESIANS 2:8 For by grace are ye saved through faith; and that not of yourselves: IT IS THE GIFT OF GOD.

ROMANS 12:3 According as GOD HATH DEALT TO EVERY MAN the measure of faith.



Sweetha Mary Rejy

So then, if God has given the same amount of faith to everyone, why do we feel that some people have more faith when we see them prospering according to the Word in their jobs, finances and homes ???

It's simple really. God has given everyone the same amount of faith to start off with….but what we do with it, whether we increase it or bury it, is OUR choice. We feed our body, devotedly, 3 times (and sometimes even more!) a day. But if we keep on feeding our bodies it will become fat and flabby. So then we exercise,

to remain fit and healthy. It's just the same with our faith. We HAVE to feed it and exercise it.

Feed our spirit  on God's word, because God's word is faith food!! So, we have to read and re-read and write on our hearts the promises of the Lord and our faith will be fed, nourished. But this isn't enough. Just like our bodies become obese if not exercised, faith which is not exercised will not develop or grow. If we do not exercise it, we will not be able to face the storms or mountains in our lives.

So, how do we exercise our faith?? Hold on to God's word with assurance and confidence and even when things do not seem very bright, in troubles, sickness and difficulties, look to Him….and Exercise faith by putting it into practice in our daily lives.

F. F. Bosworth said, "Most Christians feed their body three hot meals a day and their spirit one cold snack a week. And they wonder why they're so weak in faith."

I really like this quote! Its so true, isn't it??! If we fail to have a single meal we feel weak and tired and lifeless. Yet, we're perfectly happy attending Mass on Sundays which becomes our sole spiritual food. And then we wonder, 'Why is my faith so weak??!"

Since we are His children we need not worry. His grace will hold us ...even when we're short on faith. But we have to hold onto that grace and take a step, everyday, towards growing in faith. Start small….we might be at the bottom, but everyday we'll be getting higher!

Let's try and devote 5 minutes everyday to learn and remember a verse from the Bible. This is our faith-food….and then let's go into the day and put it into practice!!

Faith as small as a mustard seed can move mountains. Are we ready to believe His word??!

ചെറുപ്പത്തിൽ തന്നെ ലോക നടപ്പെന്നും പറഞ്ഞ്കൊണ്ട് നുണയും സൂത്രങ്ങളും തട്ടിപ്പും ചതിയും മക്കളെ അഭ്യസിപ്പിക്കണ്ട. വല്ലതെറ്റും അവരിൽ കണ്ടാൽ ഉടനെ അവരെ കുറ്റപ്പെടുത്തുക, ശാസിക്കുക, പരമാർത്ഥതയും നീതിയും സ്നേഹിപ്പാൻ അവരെ പഠിപ്പിക്കുക.

വൈകിട്ടു കുരിശു മണി അടിക്കുമ്പോൾ മക്കളെ ല്ലാവരും വീട്ടിലുണ്ടായിരിപ്പാനും നമസ്കാരം കഴിഞ്ഞാലുടനെ അവർ സ്തുതി ചൊല്ലി അപ്പന്റെയും അമ്മയുടെയും കൈമുത്തുവാനും അവരെ ശീലിപ്പിക്കണം

വിശുദ്ധ ചാവറയച്ചൻ

## First Anniversary in Heaven
(1st July 2017)



**Linda Biju**
Sharon (Vadakkevelikkakam)

DOB: 11th Mar 1978 | DOD : 1st July 2016

*With prayers:*
**Biju Varghese, Anne, Ethan and sorrowing family**

2, BelAir, Brookefields
Bangalore - 560037

# Meeting with National Minority Commission Vice Chairman



**Mr. George Kurian**
**Vice Chairman for National Commission for Minorities**
**5th floor, Lokhnayak Bhavan, Khan Market- New Delhi-03**
**Email- georgekurian1995@gmail.com**

The National Minority Commission Vice Chairman Sri George Kurian visited our Parish on 10-07-2017. Parish Trustees and invited guests attended a short meeting with him.

He said that NCM has the responsibility of protecting the interest of the minority communities in India. The NCM was set up under the NCM act in 1992 to look in to complaints from members of five religious communities - Muslims, Christians, Sikhs, Buddhists and Parsis.

The aggrieved persons belonging to their communities may approach the State Minority Commissions concerned for redressal of their grievances or they can send their grievances directly to NCM, New Delhi.

It is said that there are many minority welfare schemes available to Christians, which have to be made use of. These schemes are mostly used by Muslims.

He urged the Christian Community to make use of funds available to their community. It is said that 80% of the fund allocated for Minority Scholarship was not made use of by Christians.

He asked to take the advantage of 'USDAR' which is a training program by which, a student will be given Rs 25000 each.

He also mentioned that no Christians applied for the Civil Service Exams grant of Rs 50000 for each student.

He said if any members of the minority face problems or attacks, the local police can be contacted and if not solved, the aggrieved party would be summoned to Delhi and the Commissions would take steps to issue warrants against the violators and the attackers.

The Commission has powers to advice the Central govt. or any state govt. on any question relating to the education of Minorities.

The Commission can make recommendations to the Central govt. regarding any matter, which directly or individually deprives the Minority community of their educational right.

It is said that in the past there were many incidents of attack towards Minorities in India. In all such violence or attacks, appropriate actions were taken by the Commission.

High priority of NCM is to enhance opportunity for education to Minorities .

The Commission is mandated to look in to specific complaints regarding deprivation and violations of rights of Minorities to establish and administer educational Institutions of their choice.

It is stated that NCM can look into any complaints relating to violations of Minorities.

The Commission is a guasi Judicial body and is endowed with the person of Civil court. It is headed by a Chairman, who has been a judge of the high court and 3 members nominated by the central govt.

All the guests who were present in the meeting clarified their doubts on minorities.

The meeting was concluded with a vote of thanks by Rev. Fr. Cyriac Madathil, the vicar of St. Thomas Forane Church, Dharmaram, followed by fellowship dinner ■

നമ്മുടെ ഇടവകയിൽ പുതുതായി തിരെഞ്ഞെടുക്കപ്പെട്ട സംഘടനാ ഭാരവാഹികൾ

## St. Christopher Association



**Martin Cheria**
President



**A. D. Joseph**
Vice president



**Johnson Achandy**
Secretary



**Jaison K. J.**
Joint Secretary



**Jaison A. J.**
Treasurer

## MATHRUVEDHI



**Suja Tomy**
President



**Annie Joseph**
Vice President



**Alice Thomas**
Secretary



**Molly Peter**
Joint Secretary



**Alice John**
Treasurer



**Sheeba Anand**
Cultural secretary

# വിദ്യാഭ്യാസ അവാർഡ്ദാന സമ്മേളനം Conclave of Accolades 2017













മാതൃവേദിയുടെ രൂപതാതലത്തിലുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ജൂലൈ 15–ാം തിയതി ശനിയാഴ്ച നമ്മുടെ പള്ളിയിൽ വച്ച് നടന്നു.

| | | |
|---|---|---|
| പ്രസിഡന്റ് | : | ലിസി പോൾ, സെന്റ് തോമസ് ഫൊറോന, ധർമ്മാരാം |
| വൈസ് പ്രസിഡന്റ് | : | ജോമോൾ ഇ ജോർജ്ജ്, ക്രൈസ്റ്റ് ദ കിങ്, ഹുലഹള്ളി |
| സെക്രട്ടറി | : | ലവ്‌ലി ജോളി, സെന്റ് മേരീസ് ചർച്ച് കഗദാസ്പുര |
| ജോയിന്റ് സെക്രട്ടറി | : | മിനി ജോർജ്ജ്, മൗണ്ട് കാർമൽ, കർമ്മലാരാം |
| ട്രെഷറർ | : | മോളി പീറ്റർ, സെന്റ് തോമസ് ഫൊറോന, ധർമ്മാരാം. |

സെനറ്റ് മെംബേഴ്സ് :

ഡോ.ജീന, ഇൻഫന്റ് ജീസസ് ചർച്ച്, ഹിങ്കൽ
ആൻസി ആൽബർട്ട്, സെന്റ് നോർബർട്ട്, കസവനഹള്ളി
സൂസൻ തോമസ്, സെന്റ് ഫ്രാൻസിസ് അസ്സീസി, ലിംഗ രാജപുരം



**Lizy Paul**
President MATHRUVEDHI Diocese of Mandya

*Congratulations & prayerful best wishes*



**Molly Peter**
Treasurer MATHRUVEDHI Diocese of Mandya

# Catechism Corner

**"Let the little children come to me, and do not hinder them, for the kingdom of heaven belongs to such as these." - Matthew 19:14.** Diocese of Mandya realizes this call to innocence, and of the innocent and implicitly trusting in a special way this year with Mar Antony Kariyil declaring this year as "Year of Children". All catechism classes observed the same as the theme for the month of June. CML activities for the year 2017-18 commenced with the CML inauguration on 11th June

Catechism classes are in full swing and with half a dozen classes completed, this year has seen great efforts put in urging students and the teachers to reach for classes on time to attend the assembly fully and in making sure that there is increasingly meaningful participation in the Holy Mass. The PTA council members have taken up commendable roles facilitating these efforts and are leading from the front. There was large representation of our catechism students in the CML Personality Development Program. The Catechism year has already seen 2 class parents meeting, namely for class 1st and 10th.

The LCA team reflects rejuvenated zeal this year. Their proactive efforts, attention to details and in-advance preparation are remarkable and extraordinary. The mega catechetical fest - Bible Kaloltsavam is around the corner and as part of intense preparations, the team has already completed selection rounds for Bible Quiz, Pencil Sketching, Poetry Writing, Extempore, Poster Colouring, Monoact, Solo Song and Story Writing.

Diocese of Mandya's Conclave of Accolades was hosted in our parish main hall on 25th June by the Diocese Catechetical Commission in collaboration with the faculties of STARTT and Catechism of St. Thomas Forane Church to honor students who scored high marks in 10th and 12th in State, CBSE, ICSE/ISC boards. The graceful conduct of the successful event was highly acclaimed.

**Mathew Joy**

# മാസ വിചിന്തനം വാർഡുകളിൽ

വാർഡുകളിൽ മാസം തോറും നടക്കുന്ന പ്രാർത്ഥനകൂട്ടായ്മകളിൽ താഴെ പറയുന്ന വിഷയങ്ങൾ ധ്യാനത്തിനും വിചിന്തനത്തിനും വിഷയമാക്കേണ്ടതാണ്. വിഷയങ്ങൾ സീറോ മലബാർ ലിറ്റർജി കലണ്ടറിനെ ആസ്പദമാക്കിയാണ് തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളും യുവജനങ്ങളും സജീവമായി ഇതിൽ പങ്കുചേരണം. (ചോദ്യോത്തരം, ക്വിസ് എന്ന രീതിയിലും ഇത് നടത്താവുന്നതാണ്.)

**ആഗസ്റ്റ് 2017**

1. ഏലിയശ്ലീവ മൂശക്കാലം / വാർഡിന്റെ മദ്ധ്യസ്ഥൻ
2. മാർ അദ്ദായി, മാർ മാറി / വി. എവുപ്രസ്യമ്മ
3. രൂപാന്തരീകരണം, MT 17: 1-9
4. മാതാവിന്റെ സ്വർഗ്ഗാരോപണം LK 187: 25-30

**സെപ്റ്റംബർ 2017**

1. ഏലിയശ്ലീവ മൂശക്കാലം / വാർഡിന്റെ മദ്ധ്യസ്ഥൻ
2. വി.മദർ തെരേസ / വി. വിൻസെന്റ് ഡി പോൾ
3. പരി.കന്യകാമാതാവിന്റെ ജനനം MT 17: 1-16
4. ഭാരതത്തിൽ ന്യൂനപക്ഷാവകാശങ്ങൾ, ആനുകൂല്യങ്ങൾ

**ഒക്ടോബർ 2017**

1. ലോക യുവജന സിനഡ്–2018 / വാർഡിന്റെ മദ്ധ്യസ്ഥൻ
2. വി. ഫ്രാൻസിസ് അസ്സിസി
3. ക്രിസ്തു ശിഷ്യത്വവും വി. ലൂക്കായും LK 10: 1-9
4. ലോക മിഷൻ ഞായർ

**നവംബർ 2017**

1. പള്ളികൂദാശക്കാലം / വാർഡിന്റെ മദ്ധ്യസ്ഥൻ
2. സീറോ മലബാർ മരിച്ചവരുടെ ഓർമ്മ
3. ഈശോയുടെ രാജത്വ തിരുന്നാൾ MT 22: 41-46
4. സീറോ മലബാർ സഭയിലെ വിശുദ്ധർ

**ഡിസംബർ 2017**

1. ആഗമനകാലം LK 1: 5-55 / ലോക യുവജനസിനഡ് 2018
2. ഫ്രാൻസിസ് പാപ്പയുടെ ലോകസമാധാന സന്ദേശം
3. പരി. കന്യകാമാതാവിന്റെ അമലോത്ഭവതിരുന്നാൾ
4. ഈശോയുടെ ജനനം / വർഷാവസാന പ്രാർത്ഥന

(NB:ഓണം, ക്രിസ്മസ് ആഘോഷങ്ങൾ ഏറ്റവും ലളിതമായിരിക്കണം)

## Congratulations



Joan R Deepak of IInd PUC (COMMERCE) Christ college participated in the Karnataka State swimming championships held at Basvanagudi this June 2017

She bagged gold ,silver and bronze medals respectively in the State level and has qualified to represent the Karnataka State at the Nationals to be held in Pune from July 3rd to July 6th, 2017.

Joan has also qualified to represent the Karnataka State relay team in the Nationals, too. Formerly, Joan has bagged many gold for the State and Silver and Bronze at other National level competitions.

Her sister and brother Lizaba I Deepak and Joseph Padavath are National level swimmers, too.

# ഇടവക വാർത്തകൾ



## വിദ്യാഭ്യാസ അവാർഡ്ദാന സമ്മേളനം

## Conclave of Accolades 2017




മണ്ഡ്യ രൂപത വിദ്യാഭ്യാസ വിഭാഗത്തിനു കീഴിലുള്ള സ്റ്റാർട്ട് പരിശീലനകേന്ദ്രവും രൂപതാ മതബോധന വിഭാഗവും സംയുക്തമായി ജൂൺ 25 –ാം തിയതി ഉച്ചതിരിഞ്ഞ് 3 മണിക്ക് രൂപതയിൽ 2016–17 അദ്ധ്യയനവർഷത്തിൽ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽ നിന്ന് 85 ശതമാനത്തിന് മുകളിൽ മാർക്ക് കിട്ടിയ മണ്ഡ്യ രൂപതാംഗങ്ങളായ കുട്ടികൾക്കായി അനുമോദനസമ്മേളനം Conclave of Accolades 2017 സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് നടത്തി. ചടങ്ങിൽ രൂപതാ അദ്ധ്യക്ഷൻ മാർ ആന്റണി കരിയിൽ മുഖ്യാതിഥിയായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട എല്ലാ കുട്ടികൾക്കും പ്രശംസാപത്രവും ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികൾക്കായി രൂപതയുടെ പ്രത്യേക പുരസ്കാരവും നൽകി. വികാരി ജനറാൾ റവ. ഡോ മാത്യു കോയിക്കര, വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറിയും രൂപതാ ചാൻസലറുമായ ഫാ. ജോമോൻ കോലഞ്ചേരി, ബൈബിൾ–മതബോധന കമ്മീഷൻ സെക്രട്ടറി റവ. ഫാ. സിറിയക് മഠത്തിൽ, ഡോ. സിബിച്ചൻ ഐ.ആർ.എസ്., മാർട്ടിൻ തോമസ് എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ വച്ച് വിവിധ വിഭാഗങ്ങളിൽ നിന്നായി ഒന്നാം സ്ഥാനം കരസ്ഥമാക്കിയ 17 കുട്ടികളെ പ്രത്യേകമായി ആദരിക്കുകയും ട്രോഫിയും ക്യാഷ് അവാർഡും നൽകുകയും ചെയ്തു. പരിപാടിയുടെ വിജയത്തിനായി നമ്മുടെ ഇടവകയുടെ മതബോധനവിഭാഗവും STARTT ഉം, ട്രസ്റ്റിമാരും പ്രശംസനീയമായ സേവനം ചെയ്തു.

### തിരുഹൃദയ തിരുനാൾ

ജൂൺ 25–ാം തീയതി ഞായറാഴ്ച ധർമ്മാരാമിൽ തിരുഹൃദയ തിരുനാൾ ആഘോഷിച്ചു. ധർമ്മാരാം ചാപ്പലിൽ രാവിലെ 9.30 ന് തിരുനാൾ കുർബാന, വചനസന്ദേശം, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവ ഉണ്ടായിരുന്നു. നമ്മുടെ ഇടവകയിൽ അന്ന് 9 മണിയുടെ കുർബാന ഉണ്ടായിരുന്നില്ല. നമ്മുടെ ഇടവകയിൽ നിന്നും ധാരാളം പേർ തിരുനാളാഘോഷങ്ങളിൽ പങ്കെടുത്തു.

### St. Thomas Youth ന്റെ പ്രവർത്തനവർഷ ഉദ്ഘാടനം

St. Thomas Youth ന്റെ 2017–18 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും പുതിയ പ്രതിനിധികളുടെ സത്യപ്രതിജ്ഞയും ജൂലൈ 2–ാം തിയതി 9 മണിയുടെ ദിവ്യബലിയോടുകൂടി നടത്തി. ദിവ്യബലിക്കുശേഷം നടന്ന ജന



റൽ ബോഡി മീറ്റിംഗിൽ 150–ഓളം യുവതീ–യുവാക്കൾ പങ്കെടുത്തു.

### ദുക്റാന തിരുനാൾ

ജൂലൈ 3-ാം തിയതി, ഭാരതത്തിന്റെ അപ്പസ്തോലനും നമ്മുടെ ഇടവകമദ്ധ്യസ്ഥനുമായ വി. തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ആഘോഷിച്ചു. രാവിലെ 5.45നും, 7 നും, 9 നും ദിവ്യബലിയും, വൈകുന്നേരം 5 മണിക്ക് ആഘോഷമായ റാസകുർബാനയും ഉണ്ടായിരുന്നു. സീറോ മലബാർ സഭയുടെ തനിമയും പാരമ്പര്യവും ആരാധനയും ഒത്തുചേർന്ന ഒരു ദൈവാനുഭവ വേളയായിരുന്നു റാസകുർബാന.

### സി.എം.എൽ. ഏകദിന സെമിനാർ

ചെറുപുഷ്പ മിഷൻലീഗ് മണ്ഡ്യ രൂപതയുടെ നേതൃത്വത്തിൽ 10–ാം ക്ലാസ്സിൽ വേദപാഠം പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ഏകദിന ക്ലാസ്സ് ജൂലൈ 9–ാം തിയതി ക്രിസ്തവിദ്യാലയ കന്നഡ മീഡിയം സ്കൂളിൽ വച്ച് നടന്നു. നമ്മുടെ ഇടവകയിൽ നിന്ന് 10–ാം ക്ലാസ്സിലെ മുഴുവൻ വിദ്യാർത്ഥികളും



പങ്കെടുത്തു. വിദ്യാർത്ഥികളുടെ പഠന–ആദ്ധ്യാത്മിക നിലവാരങ്ങൾ ഉയർത്തുന്നതിന് സഹായകരമായ ധാരാളം അറിവുകൾ കുട്ടികൾക്ക് പകർന്ന് നൽകി.

ജൂലൈ 9–ാം തിയതി നമ്മുടെ പ്രിയ ബഹു. വികാരി, സിറിയക് മഠത്തിൽ അച്ചന്റെ ജന്മദിനമായിരുന്നു. അന്നേ ദിവസം രാവിലെ 7 മണിയുടെ ദിവ്യബലിയിൽ അച്ചൻ മുഖ്യകാർമ്മികത്വം വഹിക്കുകയും ഇടവകജനങ്ങളുടെ പ്രതിനിധിയായി ചീഫ് ട്രസ്റ്റി ബൊക്കെ നൽകി ആശംസനേരുകയും ചെയ്തു.

## ഓർത്തിരിക്കാൻ

### ഭവന വെഞ്ചരിപ്പ്

ഇടവകയിൽ വർഷംതോറും നടത്തിവരുന്ന ഭവനവെഞ്ചരിപ്പ് വാർഡ് അടിസ്ഥാനത്തിൽ ജൂലൈ 4–ാം തിയതി ആരംഭിച്ചു. ഇടവകാതിർത്തിയിൽ താമസിക്കുന്ന, ഇടവകയിൽ ചേർന്നിട്ടില്ലാത്തവർ പാരീഷ് മെംമ്പർഷിപ്പ് എടുക്കുകയും വാർഡ് കൗസിലേഴ്സിന്റെ കയ്യിൽ പേര് വിവരം കൊടുക്കേണ്ടതുമാണ്. വീട് വെഞ്ചിരിപ്പിനോടനുബന്ധിച്ച്, ഫാമിലി റെക്കോർഡ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തുകയും വാർഷിക വരിസംഖ്യ കുടിശികയുള്ളവർ അടച്ച് തീർക്കേണ്ടതുമാണ്.

എല്ലാ മൈനോരിറ്റി സ്കോളർഷിപ്പുകൾക്കും ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് ഇടവകയിലെ മൈനോരിറ്റി സെൽ അംഗങ്ങളെ contact ചെയ്യുക.

ഇടവകയുടെ പൊതുയോഗവും, ട്രസ്റ്റിമാരുടെ തെരഞ്ഞെടുപ്പും ജൂലൈ 23–ാം തിയതി ഞായറാഴ്ച 9 മണിയുടെ ദിവ്യബലിക്കുശേഷം പാരീഷ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ വച്ച് നടക്കുന്നതായിരിക്കും. ഓരോ ഭവനത്തിൽ നിന്നുമുള്ള പ്രതിനിധികൾ പൊതുയോഗത്തിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ജൂലൈ 30–ാം തിയതി, ഞായറാഴ്ച 9 മണിയുടെ ദിവ്യബലിക്കുശേഷം Donor Members ന്റെ മീറ്റിംഗും ഡോണർ ട്രസ്റ്റിമാരുടെ തെരഞ്ഞെടുപ്പും ഉണ്ടായിരിക്കുന്നതാണ്.

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി നടത്തുന്ന ലോഗോസ് ക്വിസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ജൂലൈ 25 നകം പേരുവിവരങ്ങൾ പാരീഷ് ഓഫീസിൽ കൊടുക്കുക.

സ്വന്തം ഇടവകയുടെ പുറത്ത് 6 മാസത്തിൽ അധികം താമസിക്കുന്ന എല്ലാ സീറോ മലബാർ സഭാംഗങ്ങളും അവരവർ താമസിക്കുന്ന സ്ഥലങ്ങളിലുള്ള സീറോ മലബാർ ഇടവക പള്ളിയിൽ പേര് ചേർക്കേണ്ടതാണ്. ഇടവക സംബന്ധമായും കൂദാശകൾ സംബന്ധമായും വേണ്ട അനുവാദത്തിനുള്ള എഴുത്തുകൾ ലഭിക്കുന്നതിന് ഇടവകയിലെ അംഗത്വവും, പ്രത്യേകിച്ച് യുവജനങ്ങൾക്ക് വിവാഹത്തിന് വേണ്ട Free State Certificate ന് Youth Identity Card ഉം നിർബന്ധമാണ്. ഈ ഇടവകയിൽ പേര് ചേർത്തിട്ടുള്ള എല്ലാ യുവജനങ്ങളും ഏതെങ്കിലുമൊരു യുവജനസംഘടനയിൽ അംഗത്വമെടുക്കുകയും മീറ്റിംഗുകളിൽ പങ്കെടുത്ത് നൽകിയിരിക്കുന്ന യൂത്ത് ഐഡന്റിറ്റി കാർഡിൽ അച്ചൻമാരുടെയോ ബ്രദർ ഇൻ ചാർജിന്റെയോ ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.




### സാന്തോം ഗ്രീൻ ആർമി

സെന്റ് തോമസ് ഫൊറോന പള്ളിയുടെ ആഭിമുഖ്യത്തിൽ നാനോ ടെക്നോളജി എന്ന നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് ടെറസ് കൃഷി ചെയ്യുന്നതിന് ആവശ്യമായ അറിവും പരിശീലനവും നൽകുന്നു.

ഈ പരിശീലനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഇടവക ഓഫീസുമായി ബന്ധപ്പെടുക. ഗ്രോ ബാഗും കൃഷിക്കാവശ്യമായ നാനോ ടെക്നോളജി ഉത്പ്പന്നങ്ങൾ മിതമായ നിരക്കിൽ ലഭിക്കുന്നതായിരിക്കും

**Sebastian: 9482865512,**
**John: 8050061434**



# ST. THOMAS YOUTH INAUGURATION - A NEW BEGINNING.

**"The best time for a new beginning is now."**

The inauguration ceremony for the year 2017-18 was held on 2nd July, 2017. The inauguration ceremony commenced with a prayer song by the youth choir members followed by the inaugural address by Fr.Saji, (Director SMYM) and an inspirational message by Fr. Cyriac Madathil CMI (Vicar). A glimpse of SMYM - STY 2016-17 activities were shown through a video. Fr. Justin Manninezhath (Director, STY) congratulated and listed out all the efforts and initiatives taken by the previous core committee members and also intoduced the newly elected office bearers which was followed by their oath taking ceremony. The interactive session was conducted by Fr. Jojo Manjaly CMI.

Looking forward to the new experiences that this year has to offer.

Special thanks to the Mr. Jomon, Thanal co-ordinator 2016-17 under who's leadership 1.5 lakh rupees was collected to help the needy for education, health, & other financial needs.

***Things to look out for:***

General body meeting of St. Thomas Youth along with an interactive session on the first Sunday of every month.

Recital of the holy rosary on Saturday evenings.

Recital of Divine Mercy Chaplet on Sundays just before the 9.00 am holy mass.

# KIDZEE - ST. THOMAS: HAPPENINGS!!



The new year began with a bang and its lovely to once again be caught in the circle of stories, rhymes, laughter, play and learning.

The theme for both Nursery and Playgroup has been ' Myself', and the children are really excited about their names, calling out the attendance, and making friends.

Observing these young ones at work and play remind me that we are dealing with the most fragile of gifts – a child. A child who looks up to us to see the world. Let's all strive to make the world a safer and happier home for our children!!



Our Bible Nursery is our strength, and it's beautiful to see the little ones learn to make the sign of the Cross, and try to repeat the prayers. Their simple and innocent devotion truly warms our spirits!

Our little angels learnt the color BLUE, and celebrated the color with 'Blue Day' on 19th July.

**Upcoming Events:**

- **20th July – Running race**
- **5th August – Parent teacher Meeting**
- **10th August – Tricolor Drill**
- **11th August - Patriotic Theme: Fancy dress**





# എഫാത്ത ബൈബിൾ ക്വിസ്




## നിബന്ധനകൾ

1. 2017 ആഗസ്റ്റ് 6 - നകം ശരിയുത്തരങ്ങൾ പാരീഷ് ഓഫീസിൽ എൽപ്പിക്കേണ്ടതാണ്.
2. അൽമായർക്കുവേണ്ടി മാത്രമാണ് ഈ മത്സരം. ഒരു കുടുംബത്തിൽ നിന്നും ഒരാളിൽ കുടുതൽ പങ്കെടുക്കാൻ പാടില്ല
3. വ്യക്തമായും കൃത്യമായും എഴുതിയ ഉത്തരങ്ങൾക്കൊപ്പം വാർഡും, അഡ്രസ്സും, ഫോൺ നമ്പരും ചേർക്കേണ്ടതാണ്.
4. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടെങ്കിൽ നറുക്കെടുപ്പിലൂടെ വിജയികളെ നിശ്ചയിക്കുന്നതായിരിക്കും.
5. പി.ഓ.സി. (മലയാളം) എൻ. ആർ. എസ്. വി. (ഇംഗ്ലീഷ്) എന്നീ ബൈബിൾ വിവർത്തനങ്ങളാണ് ഉപയോഗിക്കേണ്ടത്.
6. മത്സരത്തെക്കുറിച്ചുള്ള വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
7. മത്സരവിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്.
8. നിങ്ങളുടെ ഉത്തരങ്ങൾ ഒരു വാക്യത്തിൽ കവിയരുത്. (വചനത്തിന്റെ reference എഴുതണം).
9. നിങ്ങൾ എഴുതുന്ന ഉത്തരകടലാസിലും, കവറിലും പേരും അഡ്രസ്സും ഫോൺ നമ്പറും എഴുതി പത്രാധിപരെ ഏൽപ്പിക്കുക

## ഹോസിയാ

1) നീ ഈജിപ്ത് ദേശത്തായിരുന്ന നാൾ മുതൽ നിന്റെ ദൈവമായ കർത്താവ് ഞാനാണ്. എന്നെയല്ലാതെ മറ്റൊരു ദൈവത്തെ നീ അറിയുന്നില്ല. പിന്നെയോ?

2) ഇസ്രായേലേ നീ പരസംഗം ചെയ്യുന്നെങ്കിലും യൂദാ നീ?

3) കർത്താവിങ്കലേക്കു തിരിച്ചു വരുക നിന്റെ എന്തു മൂലമാണ് നിനക്ക് കാലിടറിയത്?

4) ഇസ്രായേൽ ഭവനത്തിന്റെ എന്താണ് ഞാൻ അവസാനിപ്പിക്കുന്നത്?

5) നിന്റെ വലിയ അപരാധവും വിദ്വേഷവും നിമിത്തം ആരാണ് നിങ്ങൾക്ക് വിഡ്ഢിയായത്?

6) ബലിയല്ല സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്. ദഹനബലികളല്ല പിന്നെയെന്താണ് എനിക്കിഷ്ടം?

7) കർത്താവിന്റെ വഴികൾ ഋജുവാണ് നീതിമാന്മാരോ?

8) ഇസ്രായേൽ ആരെ മറന്നാണ് കൊട്ടാരങ്ങൾ നിർമ്മിച്ചിരിക്കുത്?

9) അവിടെ വെച്ച് ഞാൻ അവൾക്ക് അവളുടെ എന്താണ് നൽകുത്?

10) കർത്താവിനെ തേടാനുള്ള സമയമാണിത് അവിടുന്ന് വന്ന് ഞങ്ങളുടെമേൽ എന്താണ് വർഷിക്കുന്നത്?

11) ബുദ്ധിയും വിവേകവും ഇല്ലാത്ത എന്തിനു തുല്യമാണ് എഫ്രായിം?

12) നിന്റെ ദൈവത്തിന്റെ സഹായത്തോടെ തിരിച്ചു വരുക. നീതിയും സ്നേഹവും എന്തു ചെയ്യണം?

13) തങ്ങളുടെ ദൈവത്തിന്റെ അടുത്തേക്ക് തിരികെ പോകാൻ അവരുടെ എന്താണ് അനുവദിക്കാത്തത് ?

14) യൂദായെ ഇന്നും ദൈവം അറിയുന്നു. അവൻ ആരോടാണ് വിശ്വസ്തത പുലർത്തുന്നത്?

15) ആ നാളുകളിൽ ഭയഭക്തികളോടെ അവർ കർത്താവിന്റെ അടുക്കൽ തിരിച്ചു വരും അവിടുത്തെ എന്തിനാണ് അവർ പാത്രമാകുന്നത്?

## Ephatha Bible Quiz

1. "But I have been the LORD your God ever since you came out of Egypt. You shall acknowledge no God but me, no ......... except me.
2. "Though you, Israel, commit adultery, do not let Judah become ........."
3. Return, Israel, to the LORD your God. Your …... have been your downfall!
4. I will put an end to the ...........of Israel.
5. Because your sins are so many and your hostility so great, the .......... prophet is considered a fool.
6. For I desire mercy, not sacrifice, and .................. rather than burnt offerings.
7. The ways of the LORD are right; the righteous ......... them.
8. 'Israel has forgotten their ....... and built palaces;'
9. There I will give her back her .......... and will make the Valley of Achor a door of hope.
10. 'for it is time to seek the LORD, until he comes and showers his ........... on you.'
11. "Ephraim is like a .........., easily deceived and senseless ......"
12. But you must return to your God; .......... love and justice, and wait for your God always.
13. Their ....... do not permit them to return to their God.
14. Israel surrounds me with lies and deceit, but Judah still obeys God and is faithful to the ........
15. Afterward the Israelites will return and seek the LORD their God and David their king. They will come trembling to the LORD and to his .......... in the last days.

## BIBLE QUIZ ANSWERS REFERENCE (June 2017)

### ദാനിയേൽ

| | | |
|---|---|---|
| 1) | അങ്ങ് ഉപേക്ഷിച്ചിട്ടില്ല | 14:38 |
| 2) | നീതിമാനാണ് | 9:14 |
| 3) | വഞ്ചനയോടെ | 11:23 |
| 4) | ഗ്രഹിക്കും | 12:10 |
| 5) | ശക്തനും ധീരനുമായിരിക്കുക | 10:19 |
| 6) | ഗബ്രിയേൽ | 8:16 |
| 7) | ജീവിക്കുന്ന ദൈവം | 14:25 |
| 8) | പന്തം | 10:6 |
| 9) | മത്സരിച്ചു | 9:9 |
| 10) | കർത്താവ് ഉണർത്തി | 13:45 |
| 11) | ലജ്ജയും നിത്യനിന്ദയും | 12:2 |
| 12) | യുദ്ധമുണ്ടായിരിക്കും | 9:27 |
| 13) | സംഭവിക്കേണ്ടിയിരിക്കുന്നു | 11:36 |
| 14) | അവൻ തകർക്കപ്പെടും | 8:25 |
| 15) | ആരാധിക്കുകയുള്ളു | 14:5 |

## Bible Quiz കഴിഞ്ഞ ലക്കം വിജയികൾ

| | |
|---|---|
| Ally Augastin, | St. Mary's, Thavarakere |
| Anice Shibu, | St. Thomas Ward |
| Annie Jose, | St. Sebastian Ward |

## BAPTISM

| | | |
|---|---|---|
| 1 | Aswathy (Maria) | 15.06.2017 |
| 2 | Gabriel Luke Sharan | 17.06.2017 |
| 3 | Elain Shebin Mathew (Mathew) | 25.06.2017 |
| 4 | Nethan Sunil George (George) | 29.06.2017 |
| 5 | Abel Joseph Siby | 01.07.2017 |

## DEATH

| | | |
|---|---|---|
| 1. | P.C. Mathew | 10.07.2017 |
| 2. | T. A. Simon | 10.07.2017 |
| 3. | Rosa Enasu | 19-07-2017 |

## THANAL COLLECTION SCHEDULDE 2017-2018

| WARDS | DATES |
|---|---|
| St. Joseph's Adugodi & St. George Wilson Garden | 05/08/17, 07/10/17, 02/12/17, 03/02/18, 07/04/18 |
| St. Xavier's St. Mary's Thavarakere Convents | 12/08/17, 14/10/17, 09/12/17, 10/ 02/18, 14/04/18 |
| Holy Family & Holy Trinity | 19/08/17, 21/10/17, 16/12/17, 17/02/18, 21/04/18 |
| St. Joseph's Lakkasandra Infant Jesus, Jayanagar St. Alphonsa Ward | 26/08/17, 28/10/17, 23/12/17, 24/02/18, 28/04/18 |

| | |
|---|---|
| Don BoscoMadiwala & St. ChavaraMaruthi Nagar St. Francis Assisi | 02/09/17, 04/11/17, 30/12/17, 03/03/18, 05/05/18 |
| St. Paul's Chickadugodi & St. Jude BTM St. Thomas Ward | 16/09/17, 11/11/17, 06/01/18, 10/03/18, 12/05/18 |
| St. Sebastian's St. Johns Ward | 23/09/17, 18/11/17, 13/01/18, 17/03/18, 19/05/18 |

*For further Information contact:-*

Thomas - 9108570287

Rimson – 9739884216

Jobin- 9742640548

Jivin- 7795325560

തണൽ എന്ന പദ്ധതിയിലൂടെ 1.5 ലക്ഷത്തോളം രൂപ Poor Aid - fund ലേയ്ക്ക് സമാഹരിച്ച സെന്റ് തോമസ് യൂത്തിന് അഭിനന്ദനങ്ങൾ! ഈ വർഷത്തെ തണൽ പദ്ധതിയുടെ വിജയത്തിനായി എവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.


Five Star Deluxe Standards and Hygienic Tasty Food Are the Hall Mark of
Mangalya
CATERERS
The Art of Fine Caterers
H.O.: 98806 17261, 97438 99948
Our Specials
Duck Roast
Prawns Fry
Fish Moly
Pork Vindaloo
മംഗല്യ
മലയാളികളുടെ വിശ്വസ്ത സ്ഥാപനം


JC
JAISON CATERERS
The Taste of Bangalore)
Jaison Vezhapparambil
Tel: 080 25524540
Cell: 92431 03753
No. 8, Brindavan Nagar, Ramaiah Gardens, D.R.C. Post
Bangalore - 560 029
E-mail : jaisoncaterers@yahoo.com

# BONIYEM
CATERERS & EVENTS

From the Group of Royal Chef Caterers Chalakudy Kerala








Door No. 5 Koppa Main Road ,Near Christ Academy School, Bingipura, Bangalore

www.boniyemeventplanners.com, Email : boniyembangalore@gmail.com, boniyemeventplanners

Ph : +91 9481 424 113, 91 9008 176 049, +91 9481 423 559



JOSE K

9447 541 586

9947 955 011

# PALA'S CATERERS
## OUTDOOR CATERING SERVICE

HO. Pala, Regional Office Kozhikode

KERALA TAMILNADU KARNATAKA



Alice
GOLD | DIAMONDS | PLATINUM
Designer
CHETTUPUZHA GROUP
SINCE 1914
BUY A BEAUTIFUL FUTURE
Light Weight
#50 Dispensary Rd.
Ph No: 08025591378
#218/1 Kammanahalli
Ph No: 08025441145